

# എന്റെ ഉററ സ്നേഹിതൻ



ലിസി തോമസ്

മാനുഷിക കരങ്ങൾ തളരുമ്പോൾ, പ്രതീക്ഷകൾ മങ്ങുമ്പോൾ ഏതു നേരവും നമ്മെ സഹായിപ്പാൻ, അശ്വസിപ്പിക്കുവാൻ, മനസോടെ നിൽക്കുന്ന ഒരേ ഒരു സ്നേഹിതൻ, ഉററ സ്നേഹിതൻ, അത് നമ്മുടെ കർത്താവായ യേശു ക്രിസ്തു മാത്രമാണ്.

പല വൈദ്യൻമാരുടെ അടുക്കൽ പോയിട്ടും, തനിക്കുണ്ടായിരുന്നതെല്ലാം തന്റെ ചികിൽസക്കായി ചിലവഴിച്ചിട്ടും ഭേദം വരാതെ ഏററവും പരവശയായിത്തീർന്ന സ്ത്രീയെക്കുറിച്ച് മത്തായി 9:20-22, മർക്കോസ് 5:25-33, ലൂക്കോസ് 8:43-48 എന്നീ വേദഭാഗങ്ങളിൽ നാം വായിക്കുന്നു. ഒന്നോ രണ്ടോ ദിവസങ്ങളല്ല, പന്ത്രണ്ടു സംവൽസരം, രക്തസ്രവമുള്ളവളായി ആ സ്ത്രീ കഷ്ടപ്പെട്ടു. എവിടെയൊക്കെ പോകാമോ അവിടെയെല്ലാം പോയി രോഗ

സൌഖ്യത്തിനായി. ഏതെല്ലാം വൈദ്യൻമാരുടെ ചികിൽസ തേടാമോ അതൊക്കെ തേടി. ആർക്കും അവളുടെ രോഗത്തിന് പരിഹാരം വരുത്തുവാൻ കഴിഞ്ഞില്ല. സഹായത്തിനായി കൂടെ പോയവരൊക്കെയും മടുത്തു. വേണ്ടപ്പെട്ടവർ ഒക്കെ പിറുപിറുത്തു തുടങ്ങി, മററുള്ളവരുടെ മുൻപിൽ അവളെന്നും സുഖപ്പെടാത്ത ഒരു രോഗി, യഹൂദന്റെ നിയമപ്രകാരം ആവൾ അശുദ്ധയാണ്. ലേവ്യ 15:25-27 ൽ യഹൂദന്റെ പ്രമാണമനുസരിച്ച് രക്തസ്രവം കഴിയുന്നതുവരെ പള്ളിയിൽ പ്രവേശനമില്ല. ഒരോ ദിവസവും അവളുടെ രക്തസ്രവം നിൽക്കാത്ത അവസ്ഥയിലേക്ക് നീങ്ങി. അങ്ങനെയുള്ളവർക്ക്  മതപരമായ ഒരു ആചാരങ്ങളിലും പങ്കെടുക്കുവാൻ കഴികയില്ല. അവൾ തൊടുന്നതും, അവളെ തൊടുന്നവരും എല്ലാം അശുദ്ധമാകും. അങ്ങനെ 12 സംവത്സരമായി അശുദ്ധയായി, ആളുകളുമായി സംസർഗമില്ലാത്തവളായി അവൾ കഴിയുകയാണ്.

അവൾക്കുണ്ടായിരുന്ന പ്രതീക്ഷകൾ എല്ലാം നഷ്ടപ്പെട്ടു. എല്ലാവരും കൈ ഒഴിഞ്ഞു. നിരാശയുടെ ആഴത്തിലേക്ക് അവൾ വീണു. ഇനിയും ആർക്കെന്നെ സഹായിപ്പാൻ കഴിയും?. കഴിഞ്ഞ പന്ത്രണ്ടു വർഷം ഓരോ വൈദ്യന്റെ അടുത്ത് പോകുമ്പോഴും തന്നെ അവർക്ക് സൌഖ്യമാക്കുവാൻ കഴിയും എന്നുള്ള പ്രതീക്ഷയോടെയാണ് പോകുന്നത്.  എന്നാൽ ഫലം വിപരീതം. മരുന്നുകൾ കഴിച്ചും വൈദ്യൻമാരുടെ പല ചികിത്സാ രീതികൾക്ക് അവളുടെ ശരീരം വിധേയപ്പെട്ടും അവൾ സഹികെട്ടു. വയ്യ! ഇനിയും സഹിക്കാൻ വയ്യ. അവൾ കരയുകയാണ്, മനം നൊന്തു കേഴുകയാണ്. അവളുടെ ദു:ഖം ആരുണ്ട് ഒന്നു കാണുവാൻ?. മാനസീകമായി ആവൾ തകർന്നു പരവശയായി.

എന്നാൽ കർത്താവ് അനേകരെ സൌഖ്യമാക്കുന്നു എന്നുള്ള വാർത്ത അവൾ അറിഞ്ഞു, നിരാശയുടെ അടിത്തട്ടിൽ നിന്നും വീണ്ടും പ്രതീക്ഷയോടെ എഴുന്നേററു. എന്നാൽ അശുദ്ധയായ എനിക്ക് എങ്ങനെ ഒരു യഹൂദനെ തൊടുവാൻ കഴിയും. കർത്താവിന്റെ വസ്ത്രത്തിന്റെ തൊങ്ങലിലെങ്കിലും ഒന്നു തൊട്ടാൽ തനിക്ക് സൌഖ്യം വരും എന്ന് അവൾ വിശ്വസിച്ചു.

എല്ലാ പ്രതീക്ഷകളും നഷ്ടപ്പെടുമ്പോൾ നമ്മുടെ വിശ്വാസം വർദ്ധിക്കണം. അല്ലെങ്കിൽ നിരാശ നമ്മെ കാർന്നു തിന്നുവാൻ ഇടയാവും.

എല്ലാം കൊണ്ടും വളരെ ക്ഷീണിതയാണ് അവൾ. കർത്താവുള്ളിടത്തേക്ക് അവൾ നടന്നു. തല പൊക്കി, പൊക്കി നോക്കുകയാണ്. ഒരു വലിയ പുരുഷാരത്തെ ദൂരെ അവൾ കാണുന്നു. വലിയ തിക്കും തിരക്കുമാണവിടെ. അവസാനത്തെ പ്രതീക്ഷയുമായി അവൾ പുരുഷാരത്തിന്റെ അടുത്തേക്ക് നീങ്ങി. പുരുഷാരത്തിന്റെ തിക്കുകാരണം അങ്ങോട്ട് അടുക്കുവാൻ കഴിയുന്നില്ല. കർത്താവിനു ചുററും തിങ്ങി ആളുകളാണ്. അവൾ എങ്ങനെ അതിന്റെ ഇടയിലൂടെ കയറും. അവളെ തിരിച്ചറിഞ്ഞാൽ ഒരു പക്ഷേ അവളെ ആരും അങ്ങോട്ട് അടുപ്പിക്കയില്ല. കാരണം തിരക്കിനിടയിൽ അവൾ തൊടുന്നവരൊക്കെയും അശുദ്ധരാകും. അതുകൊണ്ടായിരിക്കാം അവനെ തൊട്ടവളെ കാണാൻ കർത്താവ്




തിരിഞ്ഞപ്പോൾ ഭയപ്പെട്ടു വിറച്ച് അവന്റെ കാൽക്കൽ വീണത്. അവൾക്ക് മററൊന്നും ഒരു വിഷയമായിരുന്നില്ല. അവൾ ഒന്നേ അഗ്രഹിച്ചുള്ളൂ, കഴിഞ്ഞ പന്ത്രണ്ടു വർഷമായി അനുഭവിക്കുന്ന തന്റെ പ്രയാസങ്ങൾക്ക് ഒരു പരിഹാരം ഉണ്ടാവണം, സൌഖ്യം പ്രാപിക്കണം.

കർത്താവിന്റെ തൊങ്ങലിലെങ്കിലും ഒന്നു തൊട്ടാൽ മതി എന്ന് അഗ്രഹിച്ചു പുരുഷാരത്തിനിടയിലൂടെ നീങ്ങുമ്പോൾ മുന്നിലും വശത്തും ഉള്ളവർ തിരക്കുകൊണ്ട് അവളെ പുറകോട്ട് തള്ളുന്നുണ്ടായിരിക്കാം. എന്നാൽ രക്തസ്രവത്താൽ ശരീരം അവശയായി ഇരിക്കുന്നവൾക്ക് ആ തിരക്കിനെ അതിജീവിക്കുവാനുള്ള ശക്തി എങ്ങനെ ലഭിച്ചു?. കർത്താവിലുള്ള അവളുടെ വിശ്വാസത്തിന്റെ ശക്തി അവളെ മുന്നോട്ടു നയിച്ചു. ആയിരങ്ങളുടെ ഇടയിലൂടെ തന്റെ അവസാന പ്രതീക്ഷയുമായി തിക്കിലും തിരക്കിലും ഞെങ്ങി ഞെരുങ്ങി അവൾ കർത്താവിന്റെ തൊങ്ങലിൽ തൊട്ടു. തൊട്ടയുടനെ അവൾക്ക് സൌഖ്യം ലഭിച്ചത് അവളുടെ ശരീരത്തിൽ അവൾ അറിഞ്ഞു. അവളുടെ രക്തസ്രവം നിന്നു.

ഉടനെ യേശു തന്നിൽ നിന്ന് ശക്തി പുറപ്പെട്ടു എന്ന് ഉള്ളിൽ അറിഞ്ഞിട്ട് പുരുഷാരത്തിൽ തിരിഞ്ഞു. “എന്റെ വസ്ത്രം തൊട്ടത് ആര്” എന്നു ചോദിച്ചു. ശിഷ്യൻമാർക്ക് അതിശയം തോന്നി. ശിഷ്യൻമാർ അവനോട് “ഈ പുരുഷാരം നിന്നെ തിക്കുന്നതു കണ്ടിട്ടും എന്നെ തൊട്ടത് ആരെന്ന് ചോദിക്കുന്നുവോ?”. കർത്താവ് അതു ചെയ്തവളെ കാണുവാൻ ചുററും നോക്കി. അവൾ തനിക്ക് സംഭവിച്ചത് അറിഞ്ഞിട്ട് ഭയപ്പെട്ടു വിറച്ചുംകൊണ്ട് അവന്റെ മുന്നിൽ വീണു. വസ്തുത ഒക്കെയും അവനോട് പറഞ്ഞു. അവൻ അവളോട്, “മകളേ, നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു. സമാധാനത്തോടെ പോയി ബാധ ഒഴിഞ്ഞു സ്വസ്ഥമായിരിക്കുക” എന്നു പറഞ്ഞു.

എന്നാൽ, കർത്താവ് അവളോട് ചോദിച്ചില്ല, ആശുദ്ധയായ നീ എന്നെ എന്തിനു തൊട്ടു എന്ന്. അശുദ്ധരെ ശുദ്ധരാക്കുവാനും, പാപികളെയും, മനസുതകർന്നവരെയും രക്ഷിക്കുവാനുമാണ് കർത്താവ് ഈ ഭൂമിയിൽ വന്നത്. അവളുടെ വിശ്വാസം, എന്തൊരു വിശ്വാസമാണത്!. അശുദ്ധയായിരിക്കുമ്പോൾ ഒരു യഹൂദനെ തൊടാൻ കാണിച്ച അവളുടെ വലിയ വിശ്വാസം അവളെ രക്ഷിച്ചു. അവൾക്ക് എങ്ങനെ ഈ കർത്താവിനെ സ്നേഹിക്കാതിരിക്കാൻ പററും. ഇനിയും അവളുടെ എല്ലാം കർത്താവു മാത്രമാണ്. എല്ലാവരുടെയും സഹായം അററുപോയപ്പോൾ അവളെ രക്ഷിച്ച ഉററ സ്നേഹിതൻ.

കർത്താവിനെ നാം ആഗ്രഹിക്കുന്നതും അന്വേഷിക്കുന്നതും കർത്താവിന് നന്നായി അറിയാം. നമ്മുടെ

ഏതവസ്ഥയിലും നമുക്ക് അവന്റെ സന്നിധിയിൽ വരാം. നമുക്ക് സ്വസ്ഥതയും സമാധാനവും ലഭിക്കും.

ഇത് വായിക്കുന്ന നിങ്ങൾ പ്രതീക്ഷകൾ നഷ്ടപ്പെട്ട ഒരു സഹോദരിയായിരിക്കാം. എല്ലാവരാലും തള്ളപ്പെട്ടവളായിരിക്കാം, മാറാ രോഗങ്ങൾക്ക് അടിമപ്പെട്ടവളായിരിക്കാം, നാം പ്രതീക്ഷ അർപ്പിച്ച പലരും നമ്മെ കൈവെടിഞ്ഞു എന്നുവരാം. തളർന്നു പോകരുത്, നിരാശപ്പെടരുത്, പ്രതീക്ഷ കൈവിടരുത്. വിശ്വാസത്തോടെ കർത്താവിനോട് പ്രാർത്ഥിക്കുക. തീർച്ചയായും അവന്റെ സമാധാനം നമുക്ക് അനുഭവിക്കുവാൻ കഴിയും.

നമുക്ക് ഏററവും വേണ്ടപ്പെട്ടവർ, നാം പ്രതീക്ഷ അർപ്പിച്ചവർ പോലും നമ്മെ കൈ ഒഴിയുമ്പോൾ, കൂട്ടുസഹോദരിമാർ നമ്മെ കണ്ടിട്ടും കാണാത്തവരെപ്പോലെ പോകുമ്പോൾ. മററുള്ളവർ നമ്മെ അമ്പേഷിക്കുന്നില്ല എന്ന് പരിഭവം തോന്നുമ്പോൾ. അപ്പോഴും നമ്മെ നന്നായി അറിയുന്നവൻ, നമ്മുടെ ഹൃദയത്തിന്റെ എല്ലാ ദുഖങ്ങളും, നാം അനുഭവിക്കുന്ന സകല വേദനകളും, നന്നായി മനസിലാക്കുവാൻ കഴിയുന്ന ഒരേ ഒരുവൻ മാത്രം. പ്രകൃതിയുടെ മേലും, രോഗങ്ങളുടെമേലും, ജീവന്റെ മേലും, സകലത്തിന്റെ മേലും അധികാരമുള്ളവൻ, സകലത്തെയും, സകലരെയും നിയന്ത്രിപ്പാൻ കഴിവുള്ളവൻ നമ്മുടെ കർത്താവ് മാത്രം. അവനെപ്പോലെ സ്നേഹിപ്പാൻ കൊള്ളാകുന്നവൻ വേറെ അരും ഇല്ല. അവൻ സകല സ്തുതിക്കും, മഹത്വത്തിനും യോഗ്യൻ.

“മനുഷ്യനിൽ ആശ്രയിക്കുന്നതിനേക്കാൾ യഹോവയിൽ അശ്രയിക്കുന്നത് നല്ലത്” (സങ്കീ 118:8)